**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6672** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര രംഗത്ത് ഉത്തരവാദിത്ത ടൂറിസം മുഖേന നൂതന സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര രംഗത്ത് ഉത്തരവാദിത്ത ടൂറിസം മുഖേന നൂതന സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് . വിവിധ പങ്കാളിത്ത ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതികളുടെ കീഴിൽ വിവിധ സംരംഭങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. ടൂറിസം സ്റ്റാർട്ടപ്പുകൾ ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർന്ന് ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. 'സ്ട്രീറ്റ്' പദ്ധതി , എക്സ്പീരിയൻസ് എത്തിക് ക്യുസീൻ, അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്നിങ്ങനെ ഒട്ടേറെ സംരംഭങ്ങൾ നിലവിൽ വന്നിട്ടുണ്ട് . സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിയുടെ ഭാഗമായിട്ടും ഒട്ടേറെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു . |
| (ബി) | ഉത്തരവാദിത്ത ടൂറിസം മുഖേന സംസ്ഥാനത്തിന്റെ ആതിഥേയ മര്യാദകളും തനത് സംസ്കാരങ്ങളും രുചികളും വിദേശ സഞ്ചാരികൾക്ക് ലഭ്യമാക്കാനും അതിനാവശ്യമായ നൈപുണ്യ വികസനത്തിന് ആളുകളെ പ്രാപ്തരാക്കുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ അനുഭവവേദ്യ ടൂറിസം സഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട് . ഉത്തരവാദിത്ത ടൂറിസം മിഷൻ ഹോംസ്റ്റേ, ടെന്റഡ് അക്കോമഡേഷൻ യൂണിറ്റുകൾക്കുള്ള പരിശീലനം, ഫാം ടൂറിസം, അഗ്രി ടൂറിസം, സ്റ്റോറി ടെല്ലിംങ് , നാച്ചുറലിസ്റ്റ് , കമ്മ്യൂണിറ്റി ടൂർ ലീഡർമാർക്കുള്ള പരിശീലനം, എത്തിക് ക്യുസീൻ പരിശീലനങ്ങൾ എന്നിവ നൽകി വരുന്നുണ്ട് . ഈ വർഷം ആയിരം പേർക്ക് വിവിധ മേഖലകളിൽ ഓൺലൈനായും ഓഫ് ലൈൻ ആയും പരിശീലനങ്ങൾ നൽകിയിട്ടുണ്ട് . |
| (സി) | കിറ്റ്സ് മുഖേന ഈ മേഖലയിലെ ഇടപെടലുകൾ ശക്തമാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് പ്രത്യേക കോഴ്സുകൾ നടത്തി വരുന്ന സ്ഥാപനമാണ് കിറ്റ്സ് . ഉത്തരവാദിത്ത ടൂറിസം പരിശീലനങ്ങൾ നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷനാണ് സംഘടിപ്പിക്കുന്നത് . |

സെക്ഷൻ ഓഫീസർ